# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 312 — 22.08.2017 ൽ മറുപടിക്ക്

### അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവ്

**ചോദ്യം:**

**ശ്രീ. പി.കെ.അബ്ദു റബ്ബ്**
**ശ്രീ. എൻ.ഷംസുദ്ദീൻ**
**ശ്രീ. പി.ബി.അബ്ദുൽ റസ്സാക്ക്**
**ശ്രീ. എൻ.എ.നെല്ലിക്കുന്ന്**

**ഉത്തരം :**

**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**(എ)** സംസ്ഥാന സിവിൽ സർവ്വീസിൽ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവാണ് ഭരണ നടപടികൾക്ക് വേഗത കുറയുവാൻ കാരണമെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**(ബി)** പ്രസ്തുത ഉദ്യോഗസ്ഥരുടെ കുറവ് ഭരണ നടപടികളെ ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

**(എ)** യും **(ബി)** യും. ഭരണ നടപടികൾക്ക് വേഗത കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. എന്നീ കേഡറുകളിൽപ്പെട്ട അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിലും നിലവിലുള്ളവർക്ക് അധിക ചുമതല നൽകി കുറവ് താൽക്കാലികമായി പരിഹരിച്ചിട്ടുണ്ട്. കൂടാതെ നേരിട്ടുള്ള നിയമനത്തിൽക്കൂടിയും ഉദ്യോഗക്കയറ്റം മുഖേനയും വിവിധ കേഡറുകളിലെ കുറവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.